File No.FWLD-A2/51/2018-FWLD

9018
29/12/18

കേരള സർക്കാർ

<u>സംഗ്രഹം</u>

ഇടുക്കിജില്ല തങ്കമണിയിൽ നെല്ലിമറ്റം എന്ന സ്ഥലത്തിനടുത്ത് അനധികൃതമായി തടികൾ കയറ്റി വന്ന ലോറി കടത്തിവിട്ടതുമായി ബന്ധപ്പെട്ട അച്ചടക്ക നടപടി - ശ്രീ.കെ.എ.ദേവസ്യ, ഫോറസ്റ്റർ (റിട്ട. ) സമർപ്പിച്ച റിവ്യൂ ഹർജി - നിരസിച്ച് ഉത്തരവാകുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

G.O.(Rt)No.501/2018/F&WLD തീയതി,തിരുവനന്തപുരം, 04/12/2018

---

പരാമർശം:- 1 ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 17.11.2014-ലെ ബി3-22678/09 നമ്പർ ഉത്തരവ്.

2 ശ്രീ.കെ.എ.ദേവസ്യ, ഫോറസ്റ്റ(റിട്ട.)റുടെ 03.08.2016-ലെ റിവ്യൂ ഹർജി.

3 ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 01.10.2016-ലെ ബി(3) 22678/2009 നമ്പർ കത്ത്

<u>ഉത്തരവ്</u>

ഇടുക്കിജില്ല തങ്കമണിയിൽ നെല്ലിമറ്റം എന്ന സ്ഥലത്തിനടുത്ത് തടികൾ കയറ്റി വന്ന ലോറി കോതമംഗലം ഫ്ലൈയിംഗ് സ്ക്വാഡ് പരിശോധിച്ചതിൽ വിവിധ ഇനങ്ങളിൽ പെട്ട 454കഷണം തടികൾ ഉള്ളതായും ആയതു പെർമിറ്റിൽ രേഖപ്പെടുത്തിയതിൽ നിന്നും ഉദ്ദേശം 3 ഇരട്ടി ഉണ്ടെന്ന് കണ്ടെത്തുകയും ചെയ്തു. ലോറിക്കാരുടെ പക്കൽ ഉണ്ടായിരുന്ന പെർമിറ്റ് പരിശോധിച്ചതിൽ അയ്യപ്പൻകോവിൽ റെയിഞ്ചാഫീസർ 27.07.2009 ൽ നൽകിയ 421/09 നമ്പർ പെർമിറ്റാണെന്നും 8.695 M3 (178 എണ്ണം) തടി ട്രാൻസ്പോർട്ട് ചെയ്യുന്നതിന് വേണ്ടിയുള്ളതാണെന്നും തടികൾ ശേഖരിച്ചിട്ടുള്ളത് തങ്കമണി വില്ലേജിലെ സർവ്വേ നമ്പർ 289/01 ൽ നിന്നാണെന്നും അന്വേഷണത്തിൽ ബോധ്യപ്പെട്ടു. ടി സ്ഥലം ഉടുമ്പൻചോല താലൂക്കിൽപ്പെട്ട കാർഡമം ഹിൽ റിസർവ്വ് മേഖലയിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്.ടി കേസിനാസ്പദമായ പെർമിറ്റിനോടൊപ്പം ചേർത്തിരിക്കുന്ന തടിക്കഷണങ്ങളുടെ ലിസ്റ്റിൽ ശ്രീ.കെ.എ.ദേവസ്യ

ഉൾപ്പെടെ 3 ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഒപ്പിട്ടിട്ടുണ്ട്. ഒപ്പിട്ടിരിക്കുന്നതിൽ ഒന്നിലും തന്നെ തീയതി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പെർമിറ്റ് നൽകിയിരിക്കുന്ന ദിവസത്തിൽ തന്നെയാണോ ടി ഒപ്പുകൾ ഇട്ടിരിക്കുന്നതെന്നും, ടി ലിസ്റ്റ് നേരത്തെ തയ്യാറാക്കിയിരുന്നതാണോയെന്നും സംശയിക്കുകയുണ്ടായി.

2) തടികൾ കയറ്റി വന്ന വാഹനം രണ്ട് ചെക്ക് പോസ്റ്റുകൾ കടന്നു വന്നിട്ടുള്ളതിനാൽ ടി ചെക്ക് പോസ്റ്റുകളിൽ പെർമിറ്റ് പതിച്ചു വിട്ട ഉദ്യോഗസ്ഥർ പെർമിറ്റ് പ്രകാരമുള്ള തടിയാണോ വാഹനത്തിൽ ഉള്ളതെന്ന് പരിശോധിച്ചിട്ടില്ല എന്നും പെർമിറ്റിൽ രേഖപ്പെടുത്തിയ അളവ് ചെക്ക് പോസ്റ്റിൽ പതിച്ച് വിടുകയാണ് ചെയ്തിട്ടുള്ളത് എന്നും കണ്ടു. ടി വിഷയത്തിൽ ഗുരുതരമായ ക്രമക്കേട് കണ്ടെത്തിയതിനാൽ ശ്രീ.കെ.എ.ദേവസ്യ ഉൾപ്പെടെ 7 ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ചു.ഇത് സംബന്ധിച്ച് നടത്തിയ ഔപചാരികാന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ.കെ.എ.ദേവസ്യ, സെക്ഷൻഫോറസ്റ്റ് ഓഫീസറിന്റെ(റിട്ട. ) ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫല പ്രാബല്യമില്ലാതെ തടയുക എന്ന ലഘു ശിക്ഷ നൽകിയും ടിയാന്റെ സസ്പെൻഷൻ കാലയളവ് ശമ്പളത്തിനും അലവൻസിനുമൊഴികെ മറ്റെല്ലാകാര്യങ്ങൾക്കും ഡ്യൂട്ടിയായി പരിഗണിച്ചും, വേതനം ഉപജീവന ബത്തയിൽ നിജപ്പെടുത്തിയും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ഇതിനെതിരെ ശ്രീ.കെ.എ.ദേവസ്യ, പരാമർ ശം (2) പ്രകാരം സർക്കാരിൽ റിവ്യൂ ഹർജി സമർപ്പിച്ചു.ശ്രീ.കെ.എ.ദേവസ്യ സമർപ്പിച്ച റിവ്യൂ ഹർജിയിന്മേൽ പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) അഭിപ്രായം ലഭ്യമാക്കി.

3)സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിൽ ശ്രീ.ദേവസ്യക്കെതിരെ അച്ചടക്ക നടപടി തീർപ്പാക്കിയിരിക്കുന്നത് 14.05.2012 ലാണ്. 17.11.2014-ൽ ടിയാന്റെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ചിട്ടുമുണ്ട്. ടി അച്ചടക്ക നടപടിക്കെതിരെ ടിയാൻ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) റൂൾസ് ഭാഗം 6 ചട്ടം 23പ്രകാരമുള്ള അപ്പീൽ അവകാശം വിനിയോഗിച്ചിട്ടുള്ളതായി കാണുന്നില്ല. മാത്രവുമല്ല ടിയാൻ പുനരവലോകന ഹർജി സമർ പ്പിച്ചിട്ടുള്ളത് 4 വർഷത്തിനു ശേഷം 03.08.2016ലാണ്. കാലതാമസത്തിനു മതിയായ കാരണവും സമർപ്പിച്ചിട്ടില്ല. 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം VII ചട്ടം 3 7 പ്രകാരം പുനരവലോകനത്തിനുള്ള യാതൊരപേക്ഷയും, ഉത്തരവു പാസ്സാക്കുന്ന തീയതി മുതൽ

ഒരു മാസ കാലാവധി കഴിഞ്ഞതിന് ശേഷം സ്വീകരിക്കുവാൻ പാടില്ലാത്തതാകുന്നു. എന്നു മാത്രമല്ല, ഈ ചട്ടപ്രകാരം പുനരവലോകനം ചെയ്യേണ്ട ഉത്തരവിന്റെ തീയതി മുതൽ ഒരു വർഷം കഴിഞ്ഞാൽ യാതൊരു നടപടിയും ആരംഭിക്കുവാൻ പാടില്ലാത്തതാകുന്നു എന്നും വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ ശ്രീ.കെ.എ.ദേവസ്യ, ഫോറസ്റ്റർ(റിട്ട. ) സമർപ്പിച്ചിട്ടുള്ള പുനരവലോകന ഹർജി പരിഗണിക്കേണ്ട സാഹചര്യം നിലവിൽ ഇല്ലാത്തതിനാൽ ഹർജി നിരസിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
VENU V
PRINCIPAL SECRETARY

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.കെ.എ.ദേവസ്യ, ഫോറസ്റ്റർ (റിട്ട.)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

Signature valid
Digitally signed by BIJI K
Date: 2018.12.04
16:09:50 IST
Reason: Approved
സെക്ഷൻ ഓഫീസർ